പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2341   20-06-2012 - ൽ മറുപടിയ്ക്ക്

## കാര്യങ്കോട് പുഴയിലെ വെന്റഡ് ചെക്ക് ഡാം ട്രാക്ടർ വേ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| മുൻ സർക്കാരിന്റെ കാലത്ത് നബാർഡ് സഹായത്തോടെ അനുവദിച്ച കാര്യങ്കോട് പുഴയിലെ വെന്റഡ് ചെക്ക്ഡാം ട്രാക്ടർ വേ എന്ന പദ്ധതിക്ക് നബാർഡിൽ നിന്നും അന്തിമ അനുമതി ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ? | ചെറുപുഴ കാര്യങ്കോട് പുഴയ്ക്ക് കുറുകെ 'വെന്റഡ് ചെക്ക് ഡാം കം ട്രാക്ടർ വേ' യുടെ നിർമ്മാണത്തിനായി NABARD RIDF XVI ൽ ഉൾപ്പെടുത്തി 6.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ഇക്കാര്യത്തിന് 7.20 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിന് അംഗീകാരത്തിനായി പ്രസ്തുത പ്രൊപ്പോസൽ NABARD-ലേയ്ക്ക് അയച്ചിരിക്കുകയാണ്. NABARD-ൽ നിന്നും അനുമതി ലഭിച്ചിട്ടില്ല.<br><br>എന്നാൽ എല്ലാ വർഷവും SOR പുതുക്കാറുണ്ടെന്നകാര്യം കണക്കിലെടുത്തും ഈ വർഷത്തെ നിരക്കു വർദ്ധനവ് 15% ആയിരിക്കുമെന്നും പ്രതീക്ഷിച്ചുകൊണ്ട് ആയതനുസരിച്ചുള്ള എസ്റ്റിമേറ്റ് തുകയായ 8.33 കോടി രൂപയ്ക്ക് ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.